തുഞ്ചത്തെഴുത്തച്ഛൻ
മലയാളസർവകലാശാല
വാക്കാട്, മലപ്പുറം – 676502
ഫോൺ : 0494 2631230

നം. 850/എ1/2025/അഡ്മിൻ. 17.03.2025

വിഷയം:– പൊതുസഭ തെരഞ്ഞെടുപ്പിലേക്ക് സ്കൂൾ ഡയറക്ടർമാർ, മുഴുവൻ സമയ അദ്ധ്യാപകർ എന്നിവരിൽ നിന്ന് മലയാളസർവകലാശാല നിയമം അദ്ധ്യായം III 9 (സി) iii & iv പ്രകാരം രണ്ടുപേരെ വീതം തെരഞ്ഞെടുക്കുന്നത് – സംബന്ധിച്ച്.

സൂചന:– 1) വൈസ് ചാൻസലറുടെ 17.03.2025 ലെ ഉത്തരവ്.

2) 04.03.2025 പ്രസിദ്ധീകരിച്ച സ്കൂൾ ഡയറക്ടർമാരുടെയും മുഴുവൻ സമയ അദ്ധ്യാപകരുടെയും വോട്ടർപട്ടികകൾ

## വിജ്ഞാപനം

2013 ലെ തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല ആക്ട് അദ്ധ്യായം III 9 (സി) iii & iv, 2019 ലെ തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവ്വകലാശാല ആദ്യ സ്റ്റാറ്റ്യൂട്ട് എന്നിവ പ്രകാരം പൊതുസഭയിലേക്ക് സർവകലാശാല സേവനത്തിൽ സ്ഥിരം ജോലിയിൽ നിയമിക്കപ്പെട്ടിട്ടുള്ള പഠനസ്കൂൾ ഡയറക്ടർമാരുടെയും അദ്ധ്യാപകരുടെയും മണ്ഡലങ്ങളിൽ നിന്നും രണ്ടുവീതം അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിന് വിജ്ഞാപനം പുറപ്പെടുവിക്കുന്നു. പരാമർശം (2) പ്രകാരം അന്തിമ വോട്ടർപട്ടികയിൽ പേര് പ്രസിദ്ധീകരിച്ചിട്ടുള്ള എല്ലാ സ്കൂൾ ഡയറക്ടർമാർക്കും അദ്ധ്യാപകർക്കും അവരവർക്കിടയിൽ നിന്നും രണ്ടുവീതം അംഗങ്ങളെ പൊതുസഭയിലേക്ക് തെരഞ്ഞെടുക്കുന്നതിനായി വോട്ട് രേഖപ്പെടുത്താവുന്നതായിരിക്കും.

ഈ വിജ്ഞാപന പ്രകാരം സ്കൂൾ ഡയറക്ടർമാരുടെയും അദ്ധ്യാപകരുടെയും ഇടയിൽ നിന്ന് പൊതുസഭയിലേക്കുള്ള തെരഞ്ഞെടുപ്പ് താഴെ ചേർത്ത തീയതി ക്രമപ്രകാരം നടത്തുന്നതാണ്.

| | | |
|---|---|---|
| 1. | തിരഞ്ഞെടുപ്പ് വിജ്ഞാപനം പുറപ്പെടുവിക്കുന്ന തീയതി | – 17.03.2025 |
| 2. | നാമനിർദ്ദേശപത്രിക സമർപ്പണം | – 24.03.2025 മുതൽ 25.03.2025 വരെ (2 മണി വരെ) |
| 3. | നാമനിർദ്ദേശപത്രിക സൂക്ഷ്മപരിശോധന | – 26.03.2025 |
| 4. | സ്ഥാനാർത്ഥി പട്ടികയുടെ പ്രസിദ്ധീകരണം | – 26.03.2025 വൈകുന്നേരം 3 മണി വരെ |
| 5. | നാമനിർദ്ദേശപത്രിക പിൻവലിക്കൽ | – 27.03.2025 വൈകുന്നേരം 3 മണി വരെ |

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല തിരൂർ മലപ്പുറം

| | | | |
|---|---|---|---|
| 6. | അന്തിമ സ്ഥാനാർത്ഥി പട്ടിക പ്രസിദ്ധീകരിക്കൽ | – | 27.03.2025 വൈകുന്നേരം 4.30ന് |
| 7. | തിരഞ്ഞെടുപ്പ് നടത്തുന്ന തീയതി | – | 01.04.2025 (രാവിലെ 10 മുതൽ 1 മണി വരെ) (സർക്കാർ അവധി വരികയാണെങ്കിൽ തൊട്ടടുത്ത ദിവസമായിരിക്കും തിരഞ്ഞെടുപ്പ്) |
| 8. | തിരഞ്ഞെടുപ്പ് നടത്തുന്ന സ്ഥലം | – | സർവകലാശാലാ കാമ്പസ്, വാക്കാട് |
| 9. | വോട്ടെണ്ണൽ | – | 01.04.2025 ഉച്ചയ്ക്ക് ശേഷം 2.30 ന് |
| 10. | വോട്ടെണ്ണൽ കേന്ദ്രം | – | സർവകലാശാലാ കാമ്പസ്, വാക്കാട് |
| 11. | ഫലപ്രഖ്യാപനം | – | 01.04.2025 ഉച്ചയ്ക്ക് ശേഷം 4 മണി |

സ്ഥാനാർത്ഥി പട്ടികയിൽ പേരുള്ള വോട്ടർമാർക്ക് നാമനിർദ്ദേശപത്രികയുടെ നിശ്ചിത മാതൃകയിലുള്ള ഫോറം 24.03.2025 ന് രാവിലെ 11 മണി മുതൽ വരണാധികാരിയിൽ നിന്നും സൗജന്യമായി ലഭിക്കുന്നതാണ്.

25.03.2025 ന് ഉച്ചയ്ക്ക് 2 മണിക്ക് മുൻപായി നാമനിർദ്ദേശപത്രിക മലയാളസർവ്വകലാശാല രജിസ്ട്രാർ & വരണാധികാരിയുടെ കാര്യാലയത്തിലുള്ള പെട്ടിയിൽ നിക്ഷേപിക്കേണ്ടതാണ്.

വരണാധികാരി